# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3977 — 24/8/2017 -ലെ മറുപടി

## റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതി

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

(എ) റാന്നി മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര കോടി രൂപയാണ് പദ്ധതിക്കനുവദിച്ചിട്ടുള്ളത്; എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; ഇനി എന്തൊക്കെ നിർമ്മാണമാണ് പൂർത്തിയാക്കാനായി അവശേഷിക്കുന്നത്; ഇതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

**മറുപടി**

മാത്യു ടി.തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര കുടിവെള്ളപദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമാണം 10/2008-ലും രണ്ടാംഘട്ട പ്രവൃത്തികൾ 12/2012- ലും ആരംഭിച്ചു. ടി പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടപ്രവൃത്തികൾക്കായി യഥാക്രമം 1686.83 ലക്ഷം രൂപയും 1458.99 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കിണറും പമ്പ്ഹൗസും റാ-വാട്ടർ പമ്പിങ്മെയിൻ, ജലശുദ്ധീകരണശാല, ആങ്കപ്പാറയിലെ ഉപരിതല ജലസംഭരണി, ക്ലിയർവാട്ടർ പമ്പിംഗ് മെയിനുകളും ഗ്രാവിറ്റിലൈനുകളും, പുതുശ്ശേരിമല, തെക്കുമല, ചെല്ലുമല, ആനത്തടം, പുതുശ്ശേരിമല (മിഡിൽ), ഇട്ടിയപ്പാറ എന്നിവിടങ്ങളിലെ ജലസംഭരണികളും പമ്പ്ഹൗസും പുതുശ്ശേരിമല (ടോപ്), തകിടിപ്പാറ, വലിയകുളം, തെക്കുമല എന്നിവിടങ്ങളിൽ ഭൂതല സംഭരണികൾ, പമ്പ്സെറ്റ് സ്ഥാപിക്കൽ, രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സോൺ-I, II, III, III(A), V, VI, VII എന്നിവിടങ്ങളിലെ വിതരണ ശൃംഖല, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ എന്നീ ഘടകങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. വടശ്ശേരിക്കര പഞ്ചായത്തിലെ ഒമ്പതാം വാർഡിലെയും പഴവങ്ങാടി പഞ്ചായത്തിലെ നാലാം വാർഡിലെയും, റാന്നി പഞ്ചായത്തിലെ ആറാം വാർഡിലെയും പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 95% പൂർത്തീകരിച്ചുകഴിഞ്ഞു.

| | | | |
|---|---|---|---|
| | | | പൈപ്പുകളുടെ ഇന്റർകണക്ഷൻ, ട്രയൽ റൺ എന്നിവ പൂർത്തിയായി വരുന്നു. പണികൾ പൂർത്തിയാകുന്നതിന് നിലവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. |
| (ബി) | ഈ പദ്ധതിയുടെ കമ്മീഷനിംഗ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതിയുടെ വിതരണശൃംഖലയിൽ സ്ഥാപിച്ച പൈപ്പുകൾ റോഡ് നവീകരണം മൂലവും കലുങ്കുകൾ പണിതതുമൂലവും പല സ്ഥലത്തും കേടുപാടുകൾ സംഭവിച്ചു. അതിന്റെ അറ്റകുറ്റപണികൾ നടത്തി പരിഹരിച്ചു വരുന്നു. ഈ പ്രദേശങ്ങളിൽ ട്രയൽ റൺ നടത്തുന്നതിൽ കാലതാമസം നേരിടുന്നതും, വടശ്ശേരിക്കരയിൽ ഒരു ചെറിയ ഭാഗത്തെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാനുണ്ടായ കാലതാമസവും പദ്ധതിയുടെ പൂർണ്ണതോതിലുള്ള കമ്മീഷനിംഗ് വൈകുവാൻകാരണമായി. |
| (സി) | പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കി കൗണ്ട് ഡൗൺ ആരംഭിക്കാൻ തയ്യാറാകുമോ? | (സി) | ഈ പദ്ധതിയുടെ ബഹുഭൂരിപക്ഷം ഘടകങ്ങളും കമ്മീഷൻ ചെയ്തുകഴിഞ്ഞു. അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി 30/9/2017-ൽ പദ്ധതിപൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ